ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE:18.10.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. പശ്ചിമ ബംഗാളിൽ ദുർഗ്ഗ പൂജയ്ക്കിടെ ഉണ്ടായ തിക്കിലും തിരക്കിലും പെട്ട് 19 പേർ മരിച്ചു. അപകട കാരണം അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ച് സംസ്ഥാന സർക്കാർ.

   **In West Bengal, 19 people lost their lives in a stampede at the Chorbagan Durga Puja pandal. The State government appointed a Special Investigation Team, to investigate the incident.**

2. ജൂലൈയിൽ ഡൽഹി ജന്തർ മന്തറിലും സമീപപ്രദേശങ്ങളിലും നടന്ന സംഘർഷങ്ങളെക്കുറിച്ചുള്ള പരാതികൾ സമർപ്പിക്കാൻ പുതിയ വെബ് പോർട്ടൽ സജ്ജമാക്കി സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി.

   **Supreme Court appointed panel launches portal for complaints on July violence at Jantar Mantar and other places.**

3. ഇന്ത്യയുടെ ബഹിരാകാശ മേഖല, അടുത്ത എട്ട് വർഷത്തിനുള്ളിൽ 45 ശതകോടി ഡോളർ മൂല്യത്തിലേക്ക് ഉയരുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്.

   **Space Minister Dr Jitendra Singh says, India's space economy is likely to reach 45 billion US dollars in 8 Years.**

4. ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലെ പുതിയ മേൽശാന്തിമാരുടെ തിരഞ്ഞെടുപ്പ് അല്പസമയത്തിനകം.

   **The selection of the new head priests for the Sabarimala and Malikappuram temples will take place shortly.**

5. കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അഞ്ച് വടക്കൻ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**The IMD has stated that heavy rainfall is expected to continue in Kerala until Wednesday. A 'yellow alert' has been issued for five northern districts today. Fishing has been prohibited along the coasts of Kerala, Karnataka, and Lakshadweep.**

6. അഞ്ചാമത് ഏഷ്യൻ പാരാ ഗെയിംസിന് ഇന്ന് ജപ്പാനിൽ തുടക്കമാകും. ഉദ്ഘാടന ചടങ്ങിൽ പ്രമോദ് ഭഗതും സിമ്രാൻ ശർമ്മയും ഇന്ത്യൻ പതാകയേന്തും.

**The Asian Para Games 2026 will officially open in Japan, today. Para-badminton player Pramod Bhagat and sprinter Simran Sharma will lead the Indian contingent as flag-bearers during the inaugural ceremony.**

&&&&&&&&&&&&&&&&&&&&&&&

## MORN KOLKATA STAMPEDE - PREZ-VP-PM

പശ്ചിമ ബംഗാളിലെ ചോർബഗാൻ ദുർഗ്ഗ പൂജ പന്തലിൽ ഇന്നലെയുണ്ടായ തിക്കിലും തിരക്കിലും 19 പേർക്ക് ജീവൻ നഷ്ടമായി. 25 ഓളം പേർക്ക് പരിക്കേറ്റു. മഹാ സപ്തമി ആഘോഷങ്ങൾക്കിടെയാണ് അപകടം ഉണ്ടായത്. കനത്ത മഴയും പെട്ടെന്നുണ്ടായ സന്ദർശകരുടെ തിരക്കുമാണ് അപകടത്തിന് കാരണമെന്നാണ് റിപ്പോർട്ട്. പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മരിച്ചവരുടെ കുടുംബത്തിന് 25 ലക്ഷം രൂപ നഷ്ടപരിഹാരവും ഗ്രൂപ്പ് ഡി വിഭാഗത്തിൽ സർക്കാർ ജോലിയും നൽകുമെന്ന് ആശുപത്രിയിലെത്തിയ മുഖ്യമന്ത്രി സുവേന്ദു അധികാരി പ്രഖ്യാപിച്ചു. അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കൊൽക്കത്ത ഹൈ കോടതിയുടെ സിറ്റിംഗ് ജഡ്ജ് അധ്യക്ഷനായ പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചതായും മുഖ്യമന്ത്രി അറിയിച്ചു. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാന മന്ത്രി നരേന്ദ്ര മോദി, ഉൾപ്പടെയുള്ള പ്രമുഖർ അപകടത്തിൽ അനുശോചനമറിയിച്ചു. ജീവൻ നഷ്ടപ്പെട്ടവരുടെ ബന്ധുക്കൾക്ക്, പ്രധാനമന്ത്രിയുടെ

ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് അമ്പതിനായിരം രൂപ വീതവും ധനസഹായം നൽകും.

*********************************

## SC PROTEST PORTAL (INTRO)

2026 ജൂലൈയിൽ ഡൽഹി ജന്തർ മന്തറിലും സമീപപ്രദേശങ്ങളിലും ഉണ്ടായ സംഘർഷങ്ങളെക്കുറിച്ച് പരാതികളും നിവേദനങ്ങളും സമർപ്പിക്കാൻ പുതിയ വെബ് പോർട്ടൽ സജ്ജമാക്കി. സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയാണ് hpec.nic.in എന്ന പോർട്ടൽ സജ്ജമാക്കിയത്.

**വിശദാംശങ്ങളിലേക്ക്....**

*(വോയിസ്)*

*അക്രമത്തിനു വിധേയരായ ജനങ്ങൾക്കും പൊലീസുകാർക്കും വിവരങ്ങളും പരാതികളും പോർട്ടൽ വഴി രഹസ്യമായി നൽകാം. പോർട്ടലിന് പുറമെ, നേരിട്ടോ തപാൽ വഴിയോ ഇ-മെയിൽ വഴിയോ പരാതികൾ സമർപ്പിക്കാവുന്നതാണ്. സുപ്രീം കോടതി ഉത്തരവിൽ പരാമർശിച്ചിട്ടുള്ള എല്ലാ വിഷയങ്ങളും സമിതി പരിശോധിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. പെല്ലറ്റ് ഗണ്ണുകളുടെ ഉപയോഗം, പ്രത്യേക വിഭാഗങ്ങളെയും വനിതാ പ്രതിഷേധക്കാരെയും ലക്ഷ്യമിട്ടുള്ള അക്രമങ്ങൾ, തുടങ്ങിയവക്ക് മുൻഗണന നൽകുമെന്നും മന്ത്രാലയം വ്യക്തമാക്കി.*

*ന്യൂസ് ഡെസ്ക് ആകാശവാണി.....*

*********************************

## FSSAI DRAFT AMENDMENT

ആറ് മാസം വരെ പ്രായമുള്ള കുട്ടികൾക്കായി നിർമ്മിക്കുന്ന ഭക്ഷ്യോത്പന്നങ്ങളിൽ സുക്രോസും ഫ്രക്ടോസും ചേർക്കുന്നത് പൂർണ്ണമായും നിരോധിക്കാൻ കരട് ഭേദഗതി നിർദ്ദേശിച്ച് ദേശീയ ഭക്ഷ്യസുരക്ഷാ ഗുണനിലവാര അതോറിറ്റി. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് റെഗുലേഷൻസ്, 2020-ലാണ് ഈ ഭേദഗതി കൊണ്ടുവരുന്നത്. കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ

പോഷകാഹാരം ഉറപ്പാക്കുന്നതിനും ആദ്യത്തെ ആറുമാസത്തെ ആരോഗ്യകരമായ വളർച്ചയ്ക്കും വേണ്ടിയാണ് ഈ നീക്കം. കരട് വിജ്ഞാപനത്തിന്മേൽ പൊതുജനങ്ങൾക്കും മറ്റ് ബന്ധപ്പെട്ടവർക്കും പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കാൻ 60 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്. പരാതികളും നിർദ്ദേശങ്ങളും പരിഗണിച്ച ശേഷമായിരിക്കും FSSAI ഈ ഭേദഗതിക്ക് അന്തിമരൂപം നൽകുകയെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു.

*********************************

## SPACE ECONOMY - JITENDRA SINGH

ഇന്ത്യയുടെ ബഹിരാകാശ മേഖല, അടുത്ത എട്ട് വർഷത്തിനുള്ളിൽ 45 ശതകോടി ഡോളർ മൂല്യത്തിലേക്ക് ഉയരുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര ബഹിരാകാശ സഹമന്ത്രി ജിതേന്ദ്ര സിങ്. നിലവിൽ ഒൻപത് ശതകോടിയാണ് ഈ മേഖലയുടെ മൂല്യം. ന്യൂഡൽഹിയിൽ ബ്ലൂംബെർഗ് ന്യൂ ഇക്കണോമി ഫോറം സംഘടിപ്പിച്ച ബഹിരാകാശം, പരമാധികാരം, പുതിയ സാമ്പത്തിക രംഗം എന്ന വിഷയത്തിലുള്ള മാധ്യമ വട്ടമേശ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സംരംഭങ്ങളുടെ വികസനത്തിനും ആഗോള വിപണിയിലെ സാന്നിധ്യം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങളും സുസ്ഥിര ബിസിനസ്സ് മാതൃകകളും അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു.

*********************************

## CHOUHAN-KHET BACHAO ABHIYAN

കേന്ദ്ര കൃഷി, കർഷകക്ഷേമ മന്ത്രി ശിവ്‌രാജ് സിങ് ചൗഹാൻ ഖേത് ബച്ചാവോ അഭിയാന്റെ ഒരുക്കങ്ങൾ വിർച്വലായി വിലയിരുത്തി. ഈ മാസം 22 മുതൽ അടുത്ത മാസം 30 വരെയാണ് പ്രചാരണം നടക്കുന്നത്. പ്രചാരണത്തിൽ, കർഷകരുടെയും കാർഷിക ശാസ്ത്രജ്ഞരുടെയും ജില്ലാ ഭരണകൂടങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ സംസ്ഥാനങ്ങളോട് മന്ത്രി ആവശ്യപ്പെട്ടു.

*********************************

## FSSAI-TEA PESTICIDES

ശാസ്ത്രീയ ഭക്ഷ്യസുരക്ഷാ നിയന്ത്രണങ്ങളും ഉപഭോക്തൃ സംരക്ഷണവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി തേയിലയിലെ രണ്ട് പ്രധാന കീടനാശിനികളുടെ സാന്നിധ്യത്തിന് പരമാവധി പരിധി നിർദേശിച്ച് ഭക്ഷ്യസുരക്ഷാ അതോറിറ്റി കരട് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചു. അസെറ്റാമിപ്രിഡ്, ഇമിഡാ-ക്ലോപ്രിഡ് എന്നീ കീടനാശിനികൾക്കാണ് പരിധി നിർദേശിച്ചിരിക്കുന്നത്. ശാസ്ത്രീയ വിലയിരുത്തലുകൾ, അന്താരാഷ്ട്ര മാതൃകകൾ, ഇന്ത്യൻ കാർഷിക മേഖലയുടെ ആവശ്യകതകൾ എന്നിവ പരിഗണിച്ചാണ് ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ നടപടി.

**********************************

## KERALAM-SABARIMALA (INTRO)

ശബരിമലയിൽ തുലാം മാസപൂജകൾ ആരംഭിച്ചു. ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലെ പുതിയ മേൽശാന്തിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് അല്പസമയത്തിനകം നടക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...

(വോയിസ്)

**********************************

## RAIN KERALAM

കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ച് വടക്കൻ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദേശം നൽകി. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

**********************************

## WORLD MENOPAUSE DAY- AYUSH MINISTRY

ഇന്ന് ലോക ആർത്തവ വിരാമ ദിനം. 'മധ്യ വയസ്സിലെ വിട്ടുമാറാത്ത വേദന' എന്നതാണ് ഈ വർഷത്തെ പ്രമേയം. ആർത്തവവിരാമത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും ലോകമെമ്പാടുമുള്ള സ്ത്രീകളുടെ അനുഭവം മെച്ചപ്പെടുത്തുന്നതിനുമായി, 2009-ൽ ഇന്റർനാഷണൽ മെനോപോസ് സൊസൈറ്റിയാണ് 'ലോക ആർത്തവവിരാമ ദിനം' ആരംഭിച്ചത്. ആർത്തവവിരാമ ഘട്ടത്തിലെ സ്ത്രീകളുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണം, പ്രതിരോധ പരിചരണം എന്നിവ ഉറപ്പാക്കേണ്ടത് പ്രധാനമാണെന്ന് കേന്ദ്ര ആയുഷ് മന്ത്രാലയം വ്യക്തമാക്കി. ആർത്തവ വിരാമത്തെ കുറിച്ച് തുറന്ന ചർച്ചകൾ നടത്താനും, കൃത്യസമയത്ത് ഉചിതമായ പരിചരണം ഉറപ്പാക്കാനും മന്ത്രാലയം ആഹ്വാനം ചെയ്യുന്നു.

*********************************

## ASIAN PARA GAMES

അഞ്ചാമത് ഏഷ്യൻ പാരാ ഗെയിംസിന് ഇന്ന് ജപ്പാനിലെ ഐച്ചി നഗോയയിൽ തുടക്കമാകും. 18 ഓളം കായിക ഇനങ്ങളിലായി ഈ മാസം 24 വരെയാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇന്ത്യൻ സമയം ഉച്ചക്ക് 2.30 നാണ് ഉദ്ഘാടനം. ചടങ്ങിൽ പാരാ-ബാഡ്മിന്റൺ താരം പ്രമോദ് ഭഗതും സ്പ്രിന്റർ സിമ്രാൻ ശർമ്മയും ഇന്ത്യൻ പതാകയേന്തും. 168 കായികതാരങ്ങളും 113 ഉദ്യോഗസ്ഥരും സഹായ സംഘാംഗങ്ങളും അടങ്ങുന്ന 281 അംഗ സംഘത്തെയാണ് ഇന്ത്യ അണിനിരത്തിയിരിക്കുന്നത്. 11 കായിക ഇനങ്ങളിൽ ഇന്ത്യൻ താരങ്ങൾ മത്സരിക്കും.

*********************************

## WOMENS CRICKET: IND VS ZW

ഇന്ത്യ - സിംബാബ്‌വെ വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് രാത്രി ഏഴ് മണിക്ക് റായ്പൂരിൽ നടക്കും. ആദ്യ മത്സരത്തിൽ ഇന്ത്യ നാല് വിക്കറ്റിന് സിംബാബ്‌വെയെ പരാജയപ്പെടുത്തിയിരുന്നു.

*********************************

## MENS CRICKET

പുരുഷന്മാരുടെ ക്രിക്കറ്റിൽ, ഇന്ത്യയും വെസ്റ്റ് ഇൻഡീസും തമ്മിലുള്ള നിർണ്ണായകമായ അഞ്ചാമത്തെ ട്വന്റി20 അന്താരാഷ്ട്ര മത്സരം മഴമൂലം ഉപേക്ഷിച്ചു. ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിൽ നടത്താനിരുന്ന അവസാന മത്സരം ഉപേക്ഷിച്ചതോടെ അഞ്ച് മത്സരങ്ങളുള്ള പരമ്പര 2-2 എന്ന സമനിലയിൽ അവസാനിക്കുകയും ഇരു ടീമുകളും ട്രോഫി പങ്കിടുകയും ചെയ്തു. പരമ്പരയിൽ ആകെ 261 റൺസ് നേടിയ ഹോപ്പ്, മാൻ ഓഫ് ദ സീരീസ് ആയി തെരഞ്ഞെടുക്കപ്പെട്ടു.

*********************************

## FRANCE PROTEST

ഫ്രാൻസിലെ വിവിധ നഗരങ്ങളിൽ പോലീസും പ്രതിഷേധക്കാരും തമ്മിൽ സംഘർഷം. സംഭവത്തിൽ 1,200-ലധികം പേരെ അറസ്റ്റ് ചെയ്യുകയും, ഏകദേശം 150 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേൽക്കുകയും ചെയ്തു. ജീവിതച്ചെലവ് വർധിക്കുന്നതിനെതിരെ രാജ്യവ്യാപകമായി നടന്ന പ്രതിഷേധങ്ങൾക്കിടെയാണ് ഇന്നലെ അക്രമങ്ങൾ തുടങ്ങിയത്. കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോൺ അറിയിച്ചു.

*********************************

## TRUMP-WEST ASIA

ഇറാനുമായുള്ള നിലവിലെ സംഘർഷം ഉടൻ അവസാനിച്ചേക്കുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ഇത് അമേരിക്കൻ ഉപഭോക്താക്കൾക്ക് ഇന്ധനവിലയിൽ വലിയ കുറവുണ്ടാകാൻ കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു. ഇന്നലെ കെന്റക്കിയിൽ നടന്ന തിരഞ്ഞെടുപ്പ് പ്രചാരണ റാലിയെ അഭിസംബോധന ചെയ്യുകായിരുന്നു ട്രംപ്.

*

**************

***************************************************